അവിടെ പണി ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വാരങ്കടവ് പാലത്തിന്റെ പണി കഴിഞ്ഞു. അപ്രോച്ച് റോഡിന്റെ വിശദമായ ഡിസൈൻ ആവശ്യമായി വന്നതിനാൽ, ഇൻവെസ്റ്റിഗേഷൻ നടത്തി, ഡിസൈൻ തയ്യാറാക്കി ഉടനെ തന്നെ അതിന്റെ പണി ആരംഭിക്കുന്നതാണ്. ആവേര പാലത്തിന്റെ പണി പൂർത്തിയായി ഗതാഗതത്തിന് തുറന്നു കൊടുത്തിട്ടുണ്ട്. ഈ മേഖലകളിൽ നിലവിലുള്ള പാലങ്ങളിൽ യഥാസമയം പരിശോധന നടത്തിവരുന്നുണ്ട്. അതുപോലെ കെ.എസ്.ടി.പി.-യിൽ കണ്ണൂർ-കൂത്തുപറമ്പ് റോഡുകൾ ഉൾപ്പെടുത്തണമെന്ന് അദ്ദേഹം ഈ സബ്മിഷനിൽ ആവശ്യപ്പെട്ടിരുന്നു. അതിനു വേണ്ടിയുള്ള നടപടികൾ എടുത്തു വരുന്നു.

(6) അറുപതു വയസ്സ് തികഞ്ഞ മുൻ പഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷൻ അനുവദിക്കണമെന്ന ആവശ്യം

ശ്രീ. പി. ജെ. ജോയി: സർ, കേരളത്തിലെ ത്രിതല പഞ്ചായത്ത് മുനിസിപ്പൽ കോർപ്പറേഷനുകളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ അനുവദിക്കണമെന്നതാണ് ഞാൻ ഉന്നയിക്കുന്ന ആവശ്യം. എല്ലാ വിഭാഗം ആളുകൾക്കും പെൻഷൻ നൽകുന്ന കാലഘട്ടമാണ്. ഞാൻ ആവശ്യപ്പെടുന്നത് എല്ലാ മുൻ അംഗങ്ങൾക്കും നൽകണമെന്നില്ല. സാധാരണ പെൻഷൻ പ്രായം 60 വയസ്സാണ്. അംഗങ്ങൾക്ക് 60 വയസ്സ് തികയുന്ന മുറയ്ക്ക്, ഒരു നിശ്ചിത തുക മാസംതോറും പെൻഷനായി നൽകാൻ ഗവൺമെന്റ് തീരുമാനിക്കണമെന്നതാണ് എന്റെ ആവശ്യം. ബഹുമാനപ്പെട്ട മന്ത്രി അതിന്മേൽ യുക്തമായ തീരുമാനം അടിയന്തരമായി എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, സംസ്ഥാനത്തെ 60 വയസ്സ് കഴിഞ്ഞ മുൻ പഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷനും മറ്റുള്ള ആനുകൂല്യങ്ങളും നൽകുന്നതിനുവേണ്ടിയുള്ള നിവേദനം ശ്രീ. പി. ജെ. ജോയി എം.എൽ.എ. മുഖേന സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രൊഫ. സാവിത്രി ലക്ഷ്മണനും ഇക്കാര്യത്തിൽ നിവേദനം നൽകിയിട്ടുണ്ട്. പഞ്ചായത്ത് മെമ്പർമാരുടെ സേവനം പരിഗണിച്ച് അവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമ പരിപാടികൾ ആവിഷ്ക്കരിക്കാൻ സർക്കാരിന് അതിയായ ആഗ്രഹമുണ്ട്. വലിയ സാമ്പത്തിക ബാദ്ധ്യത വേണ്ടിവരും എന്നതിനാൽ ഇക്കാര്യം വളരെ വിശദമായി പരിശോധിച്ചുവരുന്നു. ഉടൻതന്നെ ഇക്കാര്യത്തിൽ നടപടിയുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(7) ആശുപത്രികളിലെ ഓപ്പറേഷൻ തിയേറ്ററുകളിൽ ഉപയോഗിക്കുന്ന നൂൽ, സൂചി, മരുന്നുകൾ എന്നിവയുടെ ദൗർലഭ്യം പരിഹരിക്കണമെന്ന ആവശ്യം

ശ്രീ. ടി. കെ. ദേവകുമാർ: സർ, കേരളത്തിലെ സർക്കാർ ആശുപത്രികളിലും താലൂക്കാശുപത്രികളിലും മെഡിക്കൽകോളേജുകളിലും ഓപ്പറേഷൻ തിയേറ്ററുകളിലേക്കാവശ്യമായ നൂലും സൂചിയും മരുന്നും ഉൾപ്പെടെയുള്ള സാധനങ്ങൾ ഇല്ലാതായിട്ട് മാസങ്ങളായി. രോഗികൾ ഇവ വാങ്ങിക്കൊണ്ട് ചെന്നാൽ മാത്രമേ ഓപ്പറേഷൻ നടക്കുകയുള്ളൂ. അല്ലെങ്കിൽ ഓപ്പറേഷൻ നടക്കാത്ത സ്ഥിതിയാണ് ആശുപത്രികളിൽ വ്യാപകമായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ മെഡിക്കൽ ആഫീസർമാർ additional requirement-ന്റെ intend ഒക്ടോബർ മാസത്തിൽത്തന്നെ ഹെൽത്ത് ഡയറക്ടറേറ്റിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ ആരോഗ്യ വകുപ്പിൽ അനസ്തറ്റിക് ഡ്രഗ്സുകൾ ഇല്ല. അനസ്തേഷ്യ കൊടുക്കണമെങ്കിൽ ആ മരുന്നുകൾ വേണം. ആ മരുന്നുകൾ ഇല്ലാത്തതിനാൽ ഓപ്പറേഷൻ നടത്താൻ പറ്റുന്നില്ല. അതുപോലെ സ്പൈനൽ നീഡിൽ, യൂറോബാഗ് ഇതുപോലുള്ള അനുബന്ധ സാധനങ്ങളും ആളുകൾ വാങ്ങിക്കൊണ്ട് ചെന്നാൽ മാത്രമേ ഓപ്പറേഷൻ നടത്താൻ കഴിയുന്നുള്ളു. ഓപ്പറേഷൻ തിയേറ്ററുകളിലേക്കാവശ്യമായ വളരെ sensational ആയിട്ടുള്ള മരുന്നുകൾപോലും ഇല്ലാതെ ഓപ്പറേഷൻ തിയേറ്ററുകൾ അടച്ചുപൂട്ടുന്ന ഒരു സ്ഥിതിയിലേക്ക് എത്തിയിട്ടുണ്ട്. രോഗികൾ തന്നെ അത് ലോക്കലായി വാങ്ങിക്കൊണ്ടു കൊടുക്കുന്ന ഒരു സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ഇതിന് അടിയന്തര പരിഹാരമുണ്ടാക്കാൻ ബന്ധപ്പെട്ട മന്ത്രി ഇടപെടുകയും ഈ റിപ്പോർട്ടുകൾ പരിശോധിക്കുകയും ചെയ്യണം. കാളിറ്റിയില്ലാത്ത നൂൽ വാങ്ങിച്ചുവെന്നും അത് പൊട്ടിപ്പോയതുകൊണ്ട് പലർക്കും അപകടമുണ്ടായതുമായ പ്രശ്നം ഈ സഭയുടെ മുൻപിൽ വന്നിട്ടുള്ള കാര്യം പുതിയ ചാർജ്ജ് വഹിക്കുന്ന മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇപ്പോഴത്തെ സ്ഥിതിയെന്താണെന്നു വച്ചാൽ രോഗികൾ ഈ സാധനങ്ങളൊക്കെ ലോക്കലായി വാങ്ങിക്കൊണ്ട് ചെന്നാലേ ഓപ്പറേഷൻ നടക്കുകയുള്ളു. ഇതുകാരണം രോഗികൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാൻ നിർബന്ധിതരാകുന്ന സ്ഥിതിവിശേഷമാണുള്ളത്. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്റെ 30-ാം പാരഗ്രാഫിൽ പറഞ്ഞിരിക്കുന്ന മഹാകാര്യങ്ങളൊന്നും നടപ്പിലാക്കിയില്ലെങ്കിലും അഞ്ച് മെഡിക്കൽ കോളേജുകളെയും ആർ.സി.സി.-യേയും ബന്ധിപ്പിച്ച് ടെലിമെഡിസിൻ പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ മേൽപ്പറഞ്ഞ ആശുപത്രികളിലെ ഓപ്പറേഷൻ തിയേറ്ററുകളിൽ വേണ്ട ഫെസിലിറ്റീസുണ്ടാക്കാൻ പുതുതായി ചുമതലയേറ്റിരിക്കുന്ന, അഡീഷണൽ ചുമതലയാണെങ്കിൽപ്പോലും പുതിയ മന്ത്രിയില്ലെന്ന് പറഞ്ഞുകൊൾക്കുന്ന സാഹചര്യത്തിൽ വളരെ ക്രിയാത്മകമായി പ്രവർത്തിക്കുന്ന ആരോഗ്യ വകുപ്പുമന്ത്രിയുടെ ചാർജ്ജ് വഹിക്കുന്ന, ബഹുമാന്യനായ തിരുവമ്പാടി മാധാകൃഷ്ണൻ ഇക്കാര്യത്തിൽ പോസിറ്റീവായിട്ടുള്ള നിലപാട് എടുക്കണം. കാരണം ജനനീ സുരക്ഷാ യോജനാ പദ്ധതികൾ നടപ്പിലാക്കാൻ പോകുന്നുവെന്ന് പറഞ്ഞിരിക്കുന്നു. അത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കു വേണ്ടിയുള്ളതാണ്. ഇപ്പോൾ ആശുപത്രികളിൽ പ്രസവത്തിന് ചെല്ലുമ്പോൾ സിസ്റ്റേറിയനായിപ്പോയാൽ അയലത്തുനിന്ന് കാശ് കടം വാങ്ങിച്ചുകൊണ്ടുവന്നാലേ പറ്റുകയുള്ളു. കാരണം നൂലും സൂചിയും വേണം. അതില്ലെങ്കിൽ കുത്തിക്കെട്ടാതെ ഇടേണ്ടിവരും. ജനനി സുരക്ഷാ യോജനാ പദ്ധതിയുടെ പരിധിയിൽ വരുന്നയാളുകളാണ് ഗവൺമെന്റ് ആശുപത്രികളിൽ ചെല്ലുന്നത്. അതുകൊണ്ട് ഓപ്പറേഷൻ തിയേറ്ററുകളിലേക്കാവശ്യമായ സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. എന്താണ് ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ എത്തിച്ചുകൊടുക്കാത്തതെന്നും അതിന്റെ പിന്നിലുള്ള ചേതോവികാരമെന്തെന്നും എനിക്കറിഞ്ഞുകൂടാ. അതുകൊണ്ട് പുതിയ മന്ത്രി അടിയന്തരമായി ഓപ്പറേഷൻ തിയേറ്ററുകളിലേക്കാവശ്യമായ സാധനങ്ങൾ എത്തിച്ചുകൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, സാധനങ്ങൾ എത്തിച്ചു കൊടുക്കുന്നതിലും കൂടുതൽ നമ്മെയൊന്ന് കൊച്ചാക്കുക എന്നുള്ളതാണ് ആ പ്രയോഗത്തിൽനിന്ന് ഞാൻ മനസ്സിലാക്കുന്നത്. ഞാൻ വിമർശനാത്മകമായി നിൽക്കുകയല്ല. വളരെ ദരിദ്ര വിഭാഗത്തിലുള്ളവർക്കുവേണ്ടി കൊണ്ടുവരുന്ന ഒന്നാണ് ജനനി സുരക്ഷാ യോജന. സാമ്പത്തികമായി വളരെയേറെ പ്രയാസങ്ങളും ക്ലേശങ്ങളും ഉണ്ടെന്നുള്ളത് അവിടേയും ഇവിടേയും മരിച്ചിട്ടുള്ള ആളുകൾക്കെല്ലാം കൃത്യമായി അറിയാം. നമ്മുടെ സർക്കാർ ആശുപത്രികളിലെ സ്ഥിതി മെച്ചപ്പെടുത്താൻ നമ്മൾ ക്രൂരമായി വിമർശിച്ച് ഉള്ളതുംകൂടി ഇല്ലാതാക്കുന്നതല്ലാതെ ഒരു പോസിറ്റീവായിട്ടുള്ള പ്രതികരണം വേണമെന്നുള്ളതാണ് എന്റെ ആദ്യത്തെ അഭ്യർത്ഥന. അങ്ങ് പറഞ്ഞതു പോലെ മെഡിക്കൽ കോളേജുകളിലും മറ്റ് ആശുപത്രികളിലും ഓപ്പറേഷൻ തിയേറ്ററുകളിൽ ഉപയോഗിക്കുന്ന നൂൽ, സൂചി അത്യാവശ്യ മരുന്നുകൾ എന്നിവ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. സെൻട്രൽ പർച്ചേസ് കമ്മിറ്റി രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികളിൽനിന്നാണ് ഇത് വാങ്ങിക്കാനായിട്ടുള്ള നിർദ്ദേശം കൊടുത്തിരിക്കുന്നത്. അതാണ് സുതാര്യത. ഏതെങ്കിലും കാരണത്താൽ അടിയന്തരമായി ഈ സാമഗ്രികളും മരുന്നുകളും ലഭിക്കാതെ വന്നാൽ ലോക്കൽ പർച്ചേസ് ചെയ്യാനുള്ള അധികാരം കൺസൺഡ് ഉദ്യോഗസ്ഥൻമാർക്ക് കൊടുത്തിട്ടുണ്ട്. ആരോഗ്യ വകുപ്പിൻ കീഴിലുള്ള ആശുപത്രികളിൽ നാല് കാർട്ടറുകളിലായിട്ടാണ് മരുന്ന് വിതരണം ചെയ്യുന്നത്. നാലാമത്തെ കാർട്ടറിലേക്കുള്ള മരുന്നുകളും നൂൽ, സൂചി എന്നിവയുടെ വിതരണം നടന്നുവരികയാണ്. ഈ സാഹചര്യത്തിൽ ഇവയുടെ ദൗർലഭ്യം ആരും റിപ്പോർട്ട് ചെയ്തിട്ടില്ല. എനിക്ക് എഴുതിക്കിട്ടിയ മറുപടിയാണിത്.

ശ്രീ. ടി. കെ. നൗഷാദ് : സർ, പരാതി സംബന്ധിച്ച കത്ത് ഞാൻ തരാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് തന്നാൽ ഞാൻ അത് പരിശോധിക്കാം. അങ്ങ് ഒരിക്കലും കാര്യങ്ങൾ വളച്ചുകെട്ടി പറയുന്ന ഒരാളല്ലെന്ന് എനിക്കറിയാം. അതുകൊണ്ട് അങ്ങ് തരുന്ന കത്ത് തീർച്ചയായും പരിശോധിക്കാം. അതിനുപുറമെ ഉഷ്ണകാല രോഗങ്ങൾക്ക് മേയ് മാസംവരെ ആവശ്യത്തിനുള്ള മരുന്നുകൾ എല്ലാ ആശുപത്രികളിലും സ്റ്റോക്ക് ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. എനിക്ക് അഡീഷണലായിട്ടൊരു rider കൂടിയുണ്ട്. നമ്മുടെ ആശുപത്രികളിൽ സൗഹൃദ സമിതികൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആ സൗഹൃദ സമിതികളുടെ ഉദ്ദേശമെന്നു പറയുന്നത് ആശുപത്രിക്കകത്തെ cleanness-ും ആശുപത്രിക്കു പുറത്തെ environment-ും ക്രമീകരിക്കുകയെന്നുള്ളതാണ്. ആശുപത്രികളിൽ മരുന്ന് കൊടുക്കാനുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ട്. പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് മരുന്ന് ലഭ്യമാക്കാൻ ഗവൺമെന്റ് മാക്സിമം ശ്രമിക്കും. ഈ സമിതികളുമായി സഹകരിച്ച് നമ്മുടെ ആശുപത്രികളെ മെച്ചപ്പെടുത്തുന്നതിന് സഹായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly